**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 849** **06-10-2021 - ൽ മറുപടിയ്ക്ക്**

**എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കഴിഞ്ഞ നാല് മാസത്തിനിടെ എസ്.സി. വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായമായി എത്ര രൂപ അനുവദിച്ചു; എത്രപേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചു; | (എ) | കഴിഞ്ഞ നാല് മാസത്തിനിടെ പട്ടികജാതി വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായമായി 6,97,27,995/-രൂപ (ആറ് കോടി തൊണ്ണൂറ്റി ഏഴ് ലക്ഷത്തി ഇരുപത്തിയേഴായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി അഞ്ച് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. 3782 പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചു. |
| (ബി) | ഗുരുതര രോഗം ബാധിച്ച ആശുപത്രിയിൽ പ്രവേശിപ്പിച്ച രോഗികൾക്ക് കഴിഞ്ഞ നാല് മാസത്തിനിടയിൽ ആശുപത്രികളിൽ നേരിട്ട് എത്ര രൂപ നൽകിയിട്ടുണ്ട്; എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; എത്ര രൂപവരെയാണ് ഇങ്ങനെ നൽകുന്നത്; പ്രസ്തുത തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | വിവരം ശേഖരിച്ച് താമസംവിനാ സമർപ്പിക്കുന്നതാണ്. പ്രസ്തുത തുക വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | കഴിഞ്ഞ നാല് മാസത്തിനിടെ എസ്.റ്റി. വിഭാഗക്കാർക്ക് ചികിത്സാ ധനസഹായമായി എത്ര രൂപ അനുവദിച്ചു; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; | (സി) | കഴിഞ്ഞ നാല് മാസത്തിനിടെ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ആശുപത്രികൾ ഉൾപ്പെടെ ചികിത്സാ ധനസഹായമായി 6,66,13,753/-രൂപ (ആറ് കോടി അറുപത്തിയാറ് ലക്ഷത്തി പതിമൂന്നായിരത്തി എഴുന്നൂറ്റി അമ്പത്തി മൂന്ന് രൂപ മാത്രം) അനുവദിക്കുകയും 10819 പേർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ആശുപത്രികളിൽ പ്രവേശിപ്പിച്ച എത്ര എസ്.റ്റി. വിഭാഗക്കാർക്ക് കഴിഞ്ഞ നാല് മാസത്തിനിടയിൽ സൗജന്യ ചികിത്സ ഉറപ്പുവരുത്തിയിട്ടുണ്ട്; | (ഡി) | ആശുപത്രികളിൽ പ്രവേശിപ്പിച്ച അർഹരായ മുഴുവൻ പട്ടികവർഗ്ഗ വിഭാഗക്കാർക്കും കഴിഞ്ഞ നാല് മാസത്തിനിടയിൽ സൗജന്യ ചികിത്സ ഉറപ്പുവരുത്തിയിട്ടുണ്ട്. അർഹരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും കേരളത്തിലെ മുഴുവൻ സർക്കാർ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, സർക്കാർ നിയന്ത്രണത്തിലുള്ള മെഡിക്കൽ കോളേജ്, മലബാർ ക്യാൻസർ സെന്റർ, ആർ.സി.സി തുടങ്ങിയവ വഴി സൗജന്യ |

| | | | |
|---|---|---|---|
| | | | ചികിത്സ നൽകിവരുന്നുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്ന പട്ടികവർഗ്ഗക്കാർക്ക് സർക്കാർ അനുമതിയോട് കൂടി ചികിത്സാ ധനസഹായം അനുവദിച്ചു വരുന്നു. |
| (ഇ) | എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം അനുവദിക്കുന്ന ഓൺലൈൻ സോഫ്റ്റ് വെയറിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ഇ) | പട്ടികജാതി വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം അനുവദിക്കുന്ന ഓൺലൈൻ സോഫ്റ്റ് വെയറിൽ മാറ്റം വരുത്തിയിട്ടില്ല. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് ഓൺലൈൻ സോഫ്റ്റ് വെയർ സംവിധാനം നിലവിൽ ആവിഷ്കരിച്ചിട്ടില്ല. ടി-ഗ്രാൻസ് എന്ന ആപ്ലിക്കേഷൻ മുഖേന ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (എഫ്) | അപേക്ഷ അപ് ലോഡ് ചെയ്താൽ ഒരാഴ്ചയ്ക്കുള്ളിൽ ധനസഹായം അക്കൗണ്ടിൽ നൽകുവാൻ നടപടി സ്വീകരിക്കുമോ; വകുപ്പിലെ ബ്ലോക്ക്, ജില്ലാ, സംസ്ഥാനതല ഉദ്യോഗസ്ഥർക്ക് അപേക്ഷകൾ സമയബന്ധിതമായി ഫോർവേർഡ് ചെയ്യാൻ നിർദേശം നൽകുമോ? | (എഫ്) | അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം സമർപ്പിക്കുമ്പോൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം സമയബന്ധിതമായി അക്കൗണ്ടിൽ നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വകുപ്പിലെ ബ്ലോക്ക്/ ജില്ല/ സംസ്ഥാനതല ഉദ്യോഗസ്ഥർക്ക് അപേക്ഷകൾ സമയബന്ധിതമായി ഫോർവേഡ് ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ